പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 547 — 29.06.2015-ൽ മറുപടിയ്ക്ക്

## അഡ്വക്കേറ്റ് ജനറൽ തസ്തികയ്ക്ക് സമാനമായ പദവിയും ശമ്പളവുമുള്ള തസ്തികകൾ

**ചോദ്യം** — **ഉത്തരം**

ശ്രീ എ.കെ.ബാലൻ

ശ്രീ.കെ.എം.മാണി

ബഹു.ധനകാര്യവും നിയമവും
ഭവന നിർമ്മാണവും
വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | അഡ്വക്കേറ്റ് ജനറൽ തസ്തികയ്ക്ക് സമാനമായ പദവിയും ശമ്പളവുമുള്ള തസ്തികകൾ ഏതെല്ലാമാണ്; പ്രസ്തുത തസ്തികകളുടെ നിലവിലെ സ്കെയിലുകൾ എപ്രകാരമാണ്; | (1) അഡ്വക്കേറ്റ് ജനറൽ ആഫീസിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള അഡീഷണൽ അഡ്വക്കേറ്റ് ജനറൽമാരുടെ രണ്ട് തസ്തികകൾ അഡ്വക്കേറ്റ് ജനറലിന്റെ തസ്തികയ്ക്ക് സമാനമാണ്. നിലവിലെ അഡീഷണൽ അഡ്വക്കേറ്റ് ജനറൽമാരായ ശ്രീ കെ.എ.ജലീലിനും, ശ്രീ പി.സി.ഐപ്പിനും 18.08.2011-ലെ സ.ഉ(കൈ)129/2011/നിയമം നമ്പർ ഉത്തരവ് മുഖേന അഡ്വക്കേറ്റ് ജനറൽ തസ്തികയ്ക്ക് സമാനമായ പദവിയും വേതനവും നൽകിയിട്ടുണ്ട്. കൂടാതെ 04.08.2011-ലെ സ.ഉ(കൈ)123/2011/ നിയമം നമ്പർ ഉത്തരവ് പ്രകാരം ബഹു.ഹൈക്കോടതിയിലെ സ്റ്റേറ്റ് |

| | | | |
|---|---|---|---|
| | | | പബ്ലിക് പ്രോസിക്യൂട്ടറായ ശ്രീ റ്റി.അസഫ് അലിക്ക് അഡ്വക്കേറ്റ് ജനറൽ തസ്തികയ്ക്ക് സമാനമായ പദവിയും വേതനവും നൽകിയിട്ടുണ്ട്.<br>(2) 08.10.2012-ലെ സ.ഉ(കൈ)214/2012/നിയമം, സ.ഉ(കൈ)215/2012/നിയമം എന്നീ നമ്പർ ഉത്തരവുകൾ മുഖേന അഡ്വക്കേറ്റ് ജനറൽ, അഡീഷണൽ അഡ്വക്കേറ്റ് ജനറൽ എന്നിവർക്ക് താഴെ വിവരിക്കും പ്രകാരം വേതനം നൽകിയിരുന്നതാണ്.<br>**അഡ്വക്കേറ്റ് ജനറൽ**<br>1. Retainer fee - Rs. 70, 000/- per month<br>2. Special Allowance - Rs. 30,000/- per month<br>3. Before the Division Bench - Rs. 7000/- per appearance of the High Court<br>4. Before the Single Bench of the High Court - Rs. 3500/- per appearance<br>5. Before the Supreme Court - Rs.20,000/- per appearance<br>(3) **അഡീഷണൽ അഡ്വക്കേറ്റ് ജനറൽ**<br>1. Retainer fee - Rs. 65, 000/- per month<br>2. Special Allowance - Rs. 30,000/- per month<br>3. Before the Division Bench of the High Court - Rs. 7000/- per appearance<br>4. Before the Single Bench of the High Court - Rs. 3500/- per appearance<br>5. Before the Supreme Court - Rs. 20, 000/- per appearance |

| | | |
|---|---|---|
| | | കൂടാതെ മേൽ വിവരിച്ച വേതനത്തിന് പുറമെ ഇവർക്ക് കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട ഓരോ കോൺഫറൻസിനും 3500/- രൂപ നിരക്കിൽ നൽകി വരുന്നതുമാണ്. മേൽ വിവരിച്ച ഉത്തരവുകൾക്ക് പുറമെ 17.12.2012-ലെ സ.ഉ(കൈ)262/2012/നിയമം നമ്പർ ഉത്തരവ് പ്രകാരം അഡ്വക്കേറ്റ് ജനറൽ, അഡീഷണൽ അഡ്വക്കേറ്റ് ജനറൽ, സ്റ്റേറ്റ് അറ്റോർണി, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ & സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടർ, അഡീഷണൽ സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടർ എന്നിവർക്ക് അനുവദിച്ച വേതനത്തിന് അവർ ചുമതലയേറ്റ ദിവസം മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടുള്ളതാണ്. 27.04.2015-ലെ സ.ഉ(കൈ)72/2015/നിയമം നമ്പർ ഉത്തരവ് മുഖേന അഡ്വക്കേറ്റ് ജനറലിന്റെ മന്ത്ലി റിട്ടെയ്നർ ഫീ 70,000/- രൂപ (എഴുപതിനായിരം രൂപ മാത്രം) ആയിരുന്നത് 2,00,000/- (രണ്ട് ലക്ഷം രൂപ മാത്രം) രൂപയായും ബഹു.സുപ്രീംകോടതി മുൻപാകെ ഹാജരാകുന്നതിനുള്ള ഫീസ് 20,000/- രൂപ (ഇരുപതിനായിരം രൂപ മാത്രം) ആയിരുന്നത് 40,000/- (ഓരോ അപ്പിയറൻസിനും നാൽപതിനായിരം രൂപ മാത്രം) രൂപയായും വർദ്ധിപ്പിച്ചിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത തസ്തികകളുടെ ശമ്പള സ്കെയിൽ അവസാനമായി പരിഷ്ക്കരിച്ചത് എന്നാണ്. എപ്രകാരമായിരുന്നു പരിഷ്ക്കരണം; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | അഡ്വക്കേറ്റ് ജനറലിന്റെ വേതനം 27.04.2015-ലാണ് അവസാനമായി പരിഷ്ക്കരിച്ചത്. 27.04.2015-ലെ സ.ഉ(കൈ)72/2015/നിയമം നമ്പർ നമ്പർ ഉത്തരവ് മുഖേന അഡ്വക്കേറ്റ് ജനറലിന്റെ മന്ത്ലി റിട്ടെയ്നർ ഫീ 2,00,000/- (രണ്ട് ലക്ഷം രൂപ മാത്രം) രൂപയായും ബഹു.സുപ്രീംകോടതി മുൻപാകെ ഹാജരാകുന്നതിന് ഫീസ് 40,000/- (നാൽപതിനായിരം രൂപ മാത്രം ഓരോ അപ്പിയറൻസിനും) രൂപയായും |

| | | |
|---|---|---|
| | | വർദ്ധിപ്പിച്ചിട്ടുള്ളതാണ്. അഡീഷണൽ അഡ്വക്കേറ്റ് ജനറൽമാരുടെ വേതനം 08.10.2012-ലാണ് അവസാനമായി പരിഷ്ക്കരിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത തസ്തികകളുടെ ശമ്പള പരിഷ്ക്കരണം മുൻകാല പ്രാബല്യത്തോടെ നടപ്പാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ഉണ്ട് . 27.04.2015-ലെ സ.ഉ(കൈ)72/2015/നിയമം നമ്പർ നമ്പർ ഉത്തരവ് മുഖേന വർദ്ധിപ്പിച്ച അഡ്വക്കേറ്റ് ജനറലിന്റെ ഫീസുകൾക്ക് 18.05.2015-ലെ സ.ഉ(കൈ)82/2015/നിയമം നമ്പർ ഉത്തരവ് പ്രകാരം 01.04.2012 മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്. കൂടാതെ 16.11.2011-ലെ സ.ഉ(കൈ)181/2011/നിയമം, 04.08.2011-ലെ സ.ഉ(കൈ)123/2011/നിയമം, 17.12.2012-ലെ സ.ഉ(കൈ)262/2012/നിയമം നമ്പർ ഉത്തരവുകൾ പ്രകാരം അഡീഷണൽ അഡ്വക്കേറ്റ് ജനറൽമാർക്കും, സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടർക്കും അഡ്വക്കേറ്റ് ജനറലിന് സമാനമായ പദവിയും, വേതനവും അവർ ചുമതലയേറ്റ തീയതി മുതൽ മുൻകാല പ്രാബല്യത്തോടെ നൽകിയിട്ടുള്ളതാണ്. |
| (ഡി) | ശമ്പള സ്കെയിലിനു പുറമേ ജോലിയുമായി ബന്ധപ്പെട്ട് ലഭിക്കുന്ന മറ്റ് ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | അഡ്വക്കേറ്റ് ജനറലിനും, അഡീഷണൽ അഡ്വക്കേറ്റ് ജനറലിനും മേൽ വിവരിച്ച ഫീസുകൾക്കു പുറമെ അഡ്വക്കേറ്റ് ജനറൽ, അഡീഷണൽ അഡ്വക്കേറ്റ് ജനറൽ എന്നിവരുടെ സേവന, ചുമതലകൾ, വേതന വ്യവസ്ഥകൾ സംബന്ധിച്ച ചട്ടങ്ങൾ പ്രകാരവും, 1978-ലെ കേരള ഗവൺമെന്റ് ലാ ആഫീസേഴ്സ് (നിയമനവും സേവന വ്യവസ്ഥകളും) കേസ് നടത്തിപ്പും ചട്ടങ്ങൾ പ്രകാരവുമുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. |

| | | |
|---|---|---|
| (ഇ) | ഗവൺമെന്റ് പ്ലീഡർമാരുടെ ശമ്പളം എന്നാണ് അവസാനമായി പരിഷ്ക്കരിച്ചത് ; ഇവരുടെ ശമ്പള പരിഷ്ക്കരണം ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നു വ്യക്തമാക്കുമോ | 13.09.2013-ലെ സ.ഉ(കൈ) 170/ 2013/നിയമം നമ്പർ ഉത്തരവ് മുഖേനയാണ് ബഹു.ഹൈക്കോടതിയിലെ ഗവൺമെന്റ് ലാ ആഫീസർമാരുടെ വേതനം അവസാനമായി വർദ്ധിപ്പിച്ചത്. പ്രസ്തുത ഉത്തരവ് പ്രകാരം ബഹു.ഹൈക്കോടതിയിലെ ഗവൺമെന്റ് പ്ലീഡർമാർക്ക് 55,000/- രൂപയും, സീനിയർ ഗവൺമെന്റ് പ്ലീഡർമാർക്ക് 65,000/- രൂപയും സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർമാർക്ക് 75,000/- രൂപയും ആയി വേതനം നൽകി വരുന്നു.<br>12.10.2012-ലെ സ.ഉ(കൈ) 217/2012/നിയമം നമ്പർ ഉത്തരവ് മുഖേന ജില്ലാ/ സബ് കോർട്ട് സെന്ററുകളിലെ ഗവൺമെന്റ് ലാ ആഫീസർമാരുടെ വേതനം പരിഷ്ക്കരിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവ് പ്രകാരം യഥാക്രമം ജില്ലാ ഗവൺമെന്റ് പ്ലീഡർമാർക്ക് 50,000/- രൂപയും അഡീഷണൽ ഗവൺമെന്റ് പ്ലീഡർമാർക്ക് 40,000/- രൂപയും പ്രതിമാസ വേതനമായി നൽകി വരുന്നു. കൂടാതെ സംസ്ഥാനത്തെ മുൻസിഫ് കോർട്ട് സെന്ററുകളിലെ ഗവൺമെന്റ് ലാ ആഫീസർമാർക്ക്<br>02.11.2012-ലെ സ.ഉ(കൈ) 229/2012/നിയമം നമ്പർ ഉത്തരവ് മുഖേന 10,000/- രൂപ പ്രതിമാസ വേതനമായി നൽകി വരുന്നു. വേതനം പുതുക്കാൻ നിവേദനം ലഭിച്ചിട്ടുണ്ട്. അത് പരിശോധിച്ചു വരുന്നു. |

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ആഫീസർ**